156 (1700) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കർഷകർക്ക് നിരവധി സാങ്കേതിക തടസ്സങ്ങൾ നേരിടുന്നു എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സാങ്കേതികത്വങ്ങൾ ഒഴിവാക്കിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമാനുസൃതമായ നടപടികൾ എല്ലാം പൂർത്തിയാക്കി പമ്പു സെറ്റുകൾ സ്ഥാപിച്ച് സർവ്വീസ് കണക്ഷൻ രജിസ്റ്റർ ചെയ്തിട്ടുള്ള 50 ശതമാനത്തിൽ കുറയാത്ത മിനിമം ഗ്യാരണ്ടർമാരുണ്ടെങ്കിൽ ലൈൻ എക്സ്റ്റൻഷൻ ജോലി പൂർത്തിയാക്കി സർവ്വീസ് കണക്ഷനുകൾ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

157 (1701) മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതികണക്ഷൻ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷൻ ലഭിക്കാൻ അപേക്ഷിച്ചവരിൽ ഇനിയും കണക്ഷൻ ലഭിക്കാത്ത എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ചാർജ് വർദ്ധിപ്പിച്ച സാഹചര്യത്തിൽ മുൻപ് മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ തുക അടച്ച് ഇനിയും കണക്ഷൻ ലഭിക്കാത്തവർക്ക് അഡീഷണലായി തുക അടയ്ക്കേണ്ടതുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ജനകീയാസൂത്രണം വഴി വൈദ്യുതി കണക്ഷൻ ലഭിക്കാൻ സീനിയോറിറ്റി ബാധകമാണോ?

ഉത്തരം

(എ) 415 പേർ.

(ബി) വൈദ്യുതി ചാർജ്ജിന്റെ അടിസ്ഥാനത്തിലല്ല മിനിമം ഗ്യാരന്റി തുക കണക്കാക്കുന്നത്. മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുള്ളവർ മിനിമം ഗ്യാരന്റി തുക മുൻകൂറായി അടയ്ക്കേണ്ടതില്ല.

(സി) ജനകീയാസൂത്രണ പദ്ധതിയിൽ കണക്ഷന് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ ഒരു പ്രത്യേക പട്ടിക തയ്യാറാക്കി അതിന്റെ സീനിയോറിറ്റി അനുസരിച്ചാണ് കണക്ഷൻ നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly